റിപ്പോർട്ട്



# വികസനത്തിന് എന്തൊരു സ്പീഡ്

**മൂലമ്പിള്ളിയിൽ നിന്നും കുടിയൊഴിപ്പിച്ചവർ എവിടെ? സമ്മതപത്രത്തിൽ ഒപ്പുവയ്ക്കാതെ സമരം ചെയ്തവർക്ക് എന്ത് സംഭവിച്ചു? ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫുമൊത്ത് ഒരു അന്വേഷണ യാത്ര**

തയ്യാറാക്കിയത്: എസ്. ശരത്,
ഫാ. അഗസ്റ്റിന് വട്ടോളി
ചിത്രങ്ങൾ: അജിലാൽ

വികസനം നിഷ്കാസിതരാക്കിയവർക്ക് ഭരണകൂടം കനിഞ്ഞു നൽകിയ മാതൃകാപരമായ ഉപഹാരമായി മൂലമ്പിള്ളി പാക്കേജ് എന്ന പുനരധിവാസ പദ്ധതി അവതരിപ്പിക്കപ്പെടുമ്പോഴും യാഥാർത്ഥ്യം മറ്റൊന്നാണ്. ആരേയും അലോസരപ്പെടുത്തുന്ന ഹൃദയഭേദകമായ നേരുകളാണ് മൂലമ്പിള്ളിയിലെ ഓരോ കാഴ്ചകളും. വികസനത്തെക്കുറിച്ചുള്ള ഏകപക്ഷീയമായ വാദഗതികൾ മറിച്ചൊരാലോചനയ്ക്ക് അവസരം തരാതെ അവതരിപ്പിക്കപ്പെടുമ്പോൾ വല്ലാർപ്പാടം ട്രാൻഷിപ്പ്മെന്റ് ടെർമിനൽ തീർച്ചയായും വലിയൊരു പദ്ധതിയാണ്. എന്നാൽ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ജീവിതം വർഷങ്ങളായി ദുരിതത്തിൽ തുടരുമ്പോൾ ജനാധിപത്യ വ്യവസ്ഥയിലെ ഒഴിവാക്കാനാകാത്ത ഒരു പ്രശ്നക്കാരനായി വികസനം പഴയപടി ആവർത്തിക്കപ്പെടുന്നു. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ താത്പര്യ സംരക്ഷണമെന്ന സാമാന്യ ഉത്തരവാദിത്തത്തിൽ നിന്നുമുള്ള 'വലിയ വികസന'ത്തിന്റെ ഒഴിഞ്ഞുമാറൽ മൂലമ്പിള്ളിയിലും തുടരുന്നു. പദ്ധതിക്കായി കിടപ്പാടം വിട്ടുകൊടുത്ത പലർക്കും മാന്യമായ നഷ്ടപരിഹാരമോ പട്ടയഭൂമിയോ ഇനിയും കിട്ടിയിട്ടില്ല. ഭൂമി ലഭിച്ചവർക്ക് റോഡ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിട്ടില്ല. സമ്മതപത്രമെന്ന സർക്കാരിന്റെ കുതന്ത്രത്തിനുമുമ്പിൽ തോറ്റുകൊടുക്കാതെ, മൂലമ്പിള്ളി പാക്കേജ് എന്ന പുനരധിവാസ പദ്ധതി സമരം ചെയ്ത് നേടിയെടുത്ത ജനങ്ങളോട് പ്രതികാരാത്മകമായ നിലപാടാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. മാന്യമായ പുനരധിവാസത്തിനായി സമരം ചെയ്ത മൂലമ്പിള്ളിക്കാരുടെ പുനരധിവാസം കടലാസിൽ ഇഴയുകയാണ്. വികസനത്തിന്റെ ഇരകളായിത്തീർന്നവർ കൂടുതൽ ദരിദ്രരായിത്തീരുമെന്ന ചരിത്രഗതിയിലേക്ക് മൂലമ്പിള്ളിയും പരിണമിച്ചെത്തിയിരിക്കുന്നു. അടിസ്ഥാന ലക്ഷ്യം കാണാതെയും ആ ലക്ഷ്യം സാമൂഹിക ലക്ഷ്യമായി മാറുന്നതുവരെയും ഇടർച്ചയില്ലാതെ ജാഗ്രതയോടെ എല്ലാ ജനകീയ സമരങ്ങളും തുടരേണ്ടതുണ്ടെന്ന

അനുഭവപാഠമാണ് മൂലമ്പിള്ളിയിലെ അവസ്ഥകളും മുന്നോട്ട് വയ്ക്കുന്നത്.

**സമ്മതപത്രത്തിൽ ഒപ്പുവയ്ക്കാതെ സമരം ചെയ്ത മൂലമ്പിള്ളിയിലെ 10 വീട്ടുകാർക്ക് എന്ത് സംഭവിച്ചു? അവരുടെ സമരത്തെ തുടർന്ന് സർക്കാർ പ്രഖ്യാപിച്ച മൂലമ്പിള്ളി പാക്കേജ് എവിടെയെത്തി? തുടങ്ങിയ അന്വേഷണങ്ങളുമായി പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫുമൊത്ത് കേരളീയം മൂലമ്പിള്ളിയിലേക്ക് ഒരു യാത്ര നടത്തി. മൂലമ്പിള്ളിക്ക് തൊട്ടടുത്തുള്ള കടമക്കുടി ദ്വീപ് നിവാസിയും നന്ദിഗ്രാമിൽ വികസനം സൃഷ്ടിച്ച ദുരനുഭവങ്ങൾ നേരിൽക്കണ്ടയാളുമെന്ന നിലയിൽ ജോഷിയുടെ മൂലമ്പിള്ളി അനുഭവങ്ങളും മൂലമ്പിള്ളിയിലെ കാഴ്ചകളും.**

## മൂലമ്പിള്ളിയിലേക്ക്

എറണാകുളം കച്ചേരിപ്പടിയിൽ നിന്നും ചിറ്റൂർ ഫെറി ബസിൽ ചിറ്റൂർ ഫെറിയിൽ ഇറങ്ങിയാണ് മൂലമ്പിള്ളിയിലേക്കുള്ള കടത്ത് കടക്കേണ്ടത്. കായൽക്കരയിൽ മറുകര കടക്കാൻ കാത്തുനിന്നവരുടെ അടുക്കലേക്കെത്തിയ ജങ്കാറിന്റെ മോട്ടോർ ശബ്ദമൊഴിച്ചാൽ തീർത്തും നിശബ്ദമായ ഗ്രാമീണ സ്വച്ഛത. തിരക്കിനെപ്പോലും വീർപ്പുമുട്ടിക്കുന്ന കൊച്ചിയിലെ നഗര കോലാഹലത്തിൽ നിന്നും ഈ ചെറുദൂരത്തും ഇത്ര ശാന്തതയോ എന്ന സന്ദേഹം മൂലമ്പിള്ളിയിൽ സ്വാഭാവികം. ജങ്കാറിൽ കായൽ മുറിച്ച് കടക്കുമ്പോൾ അകലെ മൂലമ്പിള്ളി ദ്വീപിന്റെ അരികുകളിൽ കണ്ടെയ്നർ റോഡിന്റെ പണി പുരോഗമിക്കുന്നതിന്റെ സൂചനയുമായി തലയുയർത്തി നിൽക്കുന്ന ക്രെയിനുകൾ. മൂലമ്പിള്ളി ജെട്ടിയിലെത്തി കരകളിലിടിച്ച് ജങ്കാർ പതിയെ നിശബ്ദമാകുന്നു. കരയിലുറപ്പിച്ച കോൺക്രീറ്റ് തൂണിൽ വരിഞ്ഞുമുറുകി കയറുകൾ ജങ്കാറിന്റെ ചലനത്തെ പിടിച്ചുകെട്ടിയതോടെ കരയിലേക്ക് ചാടിയിറങ്ങിയ ജോഷി ജോസഫ് വേരുകളിലേക്ക് മടങ്ങിവന്ന വികാരത്തോടെ സംസാരിച്ചു തുടങ്ങി.

## ജോഷിയുടെ സംഭാഷണത്തിലേക്ക്

കടമക്കുടി പഞ്ചായത്തിൽപ്പെട്ട സ്ഥലമാണ് മൂലമ്പിള്ളി. ഒരുപാട് ദ്വീപുകളുടെ ഒരു സമൂഹമാണ് കടമക്കുടി പഞ്ചായത്ത്. എന്റെ ജനനം പഞ്ചായത്തിന്റെ പേരുതന്നെയായ കടമക്കുടി ദ്വീപിലായിരുന്നു. 22 വയസുവരെ ഞാൻ പൂർണ്ണമായും ഒരു കടമക്കുടിക്കാരനായിരുന്നു. മൂലമ്പിള്ളിയിൽ നിന്നും പടിഞ്ഞാറേക്ക് പോയാൽ മൂന്നാമത്തെ കരയാണ് കടമക്കുടി. കടമക്കുടിക്കും മൂലമ്പിള്ളിക്കുമിടയിൽ പഞ്ചായത്ത് ഓഫീസ് നിൽക്കുന്ന പിഴല ദ്വീപ്. ഈ ഓരോ ദ്വീപിലേക്കും പോകാൻ വള്ളം മാത്രമാണ് ആശ്രയം. ഇപ്പോൾ എറണാകുളം ജട്ടിയിൽനിന്നും പല ദ്വീപിലേക്കും നേരിട്ട് ബോട്ടുകളുണ്ടെങ്കിലും എണ്ണം വളരെ കുറവാണ്. എന്റെ ബാല്യത്തിലും കായൽക്കാറ്റിന്റെ ഓളപ്പരപ്പുകളെ കീറിമുറിച്ച് ജീവിതങ്ങളെ മറുകര കടത്തിയിരുന്നത് വള്ളങ്ങൾ തന്നെയായിരുന്നു. വികസനം പല തവണ വികസിച്ചിട്ടും ഇന്നും ഇവിടെ വള്ളങ്ങൾ ജീവിതങ്ങൾക്ക് കൂട്ടായെത്തുന്നു.



ജോഷി ജോസഫ് ചിറ്റൂർ ഫെറിയിൽ നിന്നും ജങ്കാറിൽ മൂലമ്പിള്ളിയിലേക്കുള്ള യാത്ര ആരംഭിക്കുന്നു

**ജെ.സി.ബിക്ക് പോലും കടന്നുവരാൻ കഴിയുന്ന റോഡ് പണിത സെലസ്റ്റിൻമാഷിന്റെ വീടുതന്നെ ജെ.സി.ബി ആദ്യം പൊളിച്ചുവെന്നതാണ് വലിയ വിരോധാഭാസം. ജെ.സി.ബി പോലും ഒരു പക്ഷേ അന്നായിരിക്കാം ആദ്യമായി ഈ ദ്വീപിലെത്തുന്നത്**

മൂലമ്പിള്ളി പള്ളിയിലെ മാർട്ടിനച്ചൻ വലിയ ക്യാരക്ടറാണ്. ജെ.സി.ബി വീടുകൾ പൊളിക്കാനെത്തിയപ്പോൾ നെഞ്ച് വിരിച്ച് അതിന്റെ മുന്നിലേക്ക് ചാടി വീണ കക്ഷിയാണ്. (കുർബാന നടക്കുന്നതുകൊണ്ട് അച്ചനെ തത്കാലം കാണേണ്ടെന്നു വച്ചു. മൂലമ്പിള്ളി സമരനേതാവും കടമക്കുടി മുൻ പഞ്ചായത്ത് പ്രസിഡന്റുമായ സെലസ്റ്റിൻ മാഷുടെ വീട്ടിലേക്കാണ് ഞങ്ങൾ പിന്നീട് പോയത്.)

**ജോഷി തുടരുന്നു:**

സെലസ്റ്റിൻ മാഷ് പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്താണ് മൂലമ്പിള്ളിയിൽ ഈ കാണുന്ന വികസനങ്ങളെല്ലാം വന്നത്. ഈ റോഡും കുടിവെള്ളവുമെല്ലാം മാഷിന്റെ വകയാണ്. ജെ.സി.ബിക്ക് പോലും കടന്നുവരാൻ കഴിയുന്ന റോഡ് പണിത സെലസ്റ്റിൻമാഷിന്റെ വീടുതന്നെ ജെ.സി.ബി ആദ്യം പൊളിച്ചുവെന്നത് വലിയ വിരോധാഭാസം. ജെ.സി.ബി പോലും ഒരു പക്ഷേ അന്നായിരിക്കാം ആദ്യമായി ഈ ദ്വീപിലെത്തുന്നത്. മൂലമ്പിള്ളി ദ്വീപിലെ ആദ്യ വീടുകളിലൊന്നായിരുന്നു മാഷിന്റേത്. വീട് പൊളിച്ച ശേഷം മാഷ് ഇപ്പോൾ മകനോടൊപ്പമാണ് താമസിക്കുന്നത്. നൂറ് കൊല്ലത്തിലധികം പഴക്കമുള്ള പട്ടയമുണ്ടായിരുന്നയാൾ സ്വന്തമായി പട്ടയ ഭൂമിയില്ലാതെയാണ് താൻ വിയർപ്പൊഴുക്കി പണിതെടുത്ത മൂലമ്പിള്ളിയിലൂടെ ഇന്ന് നടക്കുന്നത്.

പരസ്പര വിശ്വാസത്തിലൂടെ

യാണല്ലോ ജനാധിപത്യം നിലനിൽക്കുന്നത്. ആ വിശ്വാസം മൂലമ്പിള്ളിയിൽ തകർക്കപ്പെട്ടിരിക്കുന്നു. വല്ലാർപ്പാടം തുറമുഖത്തിലേക്ക് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട മൂലമ്പിള്ളിയിലെ ജനങ്ങൾക്ക് വല്ലാർപാടം പദ്ധതി വരുന്നതുകൊണ്ടുണ്ടാകുന്ന വികസനത്തിൽ എന്ത് പങ്കാളിത്തമാണ് ഉണ്ടാകാൻ പോകുന്നതെന്ന് ഇപ്പോൾ കണക്കാക്കാൻ കഴിയില്ല. എന്നാൽ എന്തെങ്കിലും പങ്കാളിത്തം ലഭിക്കുമെന്ന മൂലമ്പിള്ളിക്കാരുടെ വിശ്വാസത്തെപ്പോലും തകർത്തുകളയുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. സമ്മതപത്രം നൽകിയവരുടെ വീടുകൾ പൊളിക്കാൻ വേണ്ടി മാത്രമാണ് ജെ.സി.ബി അന്നെത്തിയത്. എന്നാൽ സമ്മതപത്രത്തിൽ ഒപ്പുവയ്ക്കാത്തവരുടെ വീടുകളും അകാരണമായി പൊളിച്ചുനീക്കി. അവിടെയെല്ലാം ജനാധിപത്യ വ്യവസ്ഥയിലെ പരസ്പര വിശ്വാസം തകർക്കപ്പെട്ടു. ഈ വിശ്വാസം തകർക്കപ്പെടുന്നതോടെയാണ് ഇരകളുണ്ടാകുന്നത്.

ഞങ്ങൾ ഇവിടേക്ക് വന്ന ബസിൽ എന്റെയടുത്തിരുന്ന വൃദ്ധൻ കണ്ടക്ടർ ബാക്കി നൽകിയ തുക എണ്ണിനോക്കാതെ പോക്കറ്റിലിട്ടു. എണ്ണി നോക്കിക്കൂടെയെന്ന് കണ്ടക്ടർ. നിന്നെ എനിക്ക് വിശ്വാസമാണെന്ന് മറുപടി പറഞ്ഞ് വൃദ്ധൻ ചിരിച്ചു. ജപ്പാനിലൊക്കെ ബാക്കി എണ്ണിനോക്കുക എന്ന സിസ്റ്റം പോലുമില്ല. അത് പണം തന്നയാളെ അപമാനിക്കുന്നതിന് തുല്യമായാണ് അവർ കരുതുന്നത്. ജനങ്ങളുടെ ഈ പരസ്പര വിശ്വാസ്യതയാണ് വികസനത്തിന്റെ പേരിൽ ഭരണകൂടം ഇന്ന് തകർത്തുകൊണ്ടിരിക്കുന്നത്.

എന്റെ നാടായ കാമക്കുടിയിലും മൂലമ്പിള്ളിയിലുമെല്ലാം അന്നും ഇന്നും പൊക്കാളി കൃഷി തന്നെയാണ് മുഖ്യ ഉപജീവനമാർഗ്ഗം. ഈ പൊക്കാളി പാടങ്ങൾ തന്നെ മഴക്കാലത്ത് ചെമ്മീൻ കെട്ടുകളായി മാറുന്നു. ഒരു സ്ഥലത്ത് നിന്നും കിട്ടുന്ന രണ്ട് തരത്തിലുള്ള ആദായങ്ങളായിരുന്നു ഞങ്ങളുടെ കീശയുടെ ഭദ്രത. ഏറ്റവും ഓർഗാനിക്കായ കൃഷിയാണ് പൊക്കാളി നെൽകൃഷി. വലിയ തണ്ടാണ് പൊക്കാളി നെൽച്ചെടിക്കുള്ളത്. കൊയ്തെടുക്കുമ്പോൾ മിച്ചം വരുന്ന തണ്ട് വെള്ളത്തിൽ തന്നെ കിടന്നഴുകി വളമായി മാറുന്നു.

**നഷ്ടപരിഹാരം തരുമ്പോൾ അത് ടാക്സിൽ നിന്നും ഒഴിവാക്കുമെന്നായിരുന്നു ആദ്യം പറഞ്ഞിരുന്നത്. പക്ഷെ ഞങ്ങളുടെ കൈയിൽ നിന്നും ടാക്സ് ഈടാക്കി**



വീടുനഷ്ടപ്പെട്ട
ഷേർളി വാടക വീട്ടിൽ

(സെലസ്റ്റിൻ മാഷിനെ തേടി അദ്ദേഹത്തിന്റെ മകന്റെ വീട്ടിലെത്തിയ ഞങ്ങൾക്ക് മാഷിനെ കാണാൻ കഴിഞ്ഞില്ല. അദ്ദേഹം പുറത്തെവിടെയോ പോയിരുന്നു. മൂലമ്പിള്ളിയുടെ വികസനകാര്യങ്ങൾക്കായി ഒരു കാലത്ത് ഓടി നടന്നിരുന്ന സെലസ്റ്റിൻ മാഷ് ഇന്നും ഓട്ടത്തിലാണ്. സർക്കാർ പ്രഖ്യാപിച്ച പട്ടയഭൂമികിട്ടാൻ. വികസനത്തിന്റെ ചരിത്രത്തിൽ ഇടമില്ലാത്ത ഓട്ടങ്ങൾ. കുടിയൊഴിപ്പിക്കപ്പെട്ട ഷേർളിയെയാണ് പിന്നീട് ഞങ്ങൾ കണ്ടത്. മിച്ചം വന്ന സ്ഥലത്ത് ഏറെ നാൾ ടാർപോളിൻ ഷെഡിൽ കഴിഞ്ഞിരുന്ന ഷേർളി മഴപെയ്ത് വെള്ളക്കെട്ട് മാറാതെ നിൽക്കുന്നതിനാൽ ഇപ്പോൾ ഒരു വാടക വീട്ടിലേക്ക് മാറി.)

**ഷേർളിയുടെ വാക്കുകൾ**

കൂരയില്ലാതായിട്ട് രണ്ട് വർഷം കഴിഞ്ഞു. സമ്മതപത്രത്തിൽ ഒപ്പിടാൻ നിഷേധിച്ച ഞങ്ങൾ 10 വീട്ടുകാർ സമരം ചെയ്ത് നേടിയ മൂലമ്പിള്ളി പാക്കേജ് അവർ ഇനിയും നടപ്പിലാക്കിയിട്ടില്ല. വല്ലാർപാടം തുറമുഖത്തിന്റെ പണി കഴിയാറായിട്ടും ഞങ്ങൾക്ക് താമസിക്കാൻ പറ്റുന്ന തരത്തിൽ ഒരു ചെറിയ കൂരയുണ്ടാക്കിത്തരാൻ അവർക്കിനിയും കഴിഞ്ഞിട്ടില്ല. മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപയാണ് ഞങ്ങൾക്ക് നാലര സെന്റിന് നഷ്ടപരിഹാരമായി തന്നത്. സ്ഥലം നഷ്ടമായതിന് പകരം മൂലമ്പിള്ളിയുടെ പടിഞ്ഞാറ് ഭാഗത്ത് തന്ന സ്ഥലത്ത് ഒരു സൗകര്യവുമില്ല. അങ്ങോട്ട് പോകാൻ വഴിയുമില്ല. എന്തിനാണ് ഞങ്ങളുടെ കാര്യം ഇങ്ങനെ വൈകിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. സ്ഥലം നൽകുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ തരാമെന്ന് പറഞ്ഞിട്ടില്ലെന്നാണ് അവരിപ്പോൾ പറയുന്നത്. അത് പച്ചക്കള്ളമാണ്. ഗവൺമെന്റ് ഉത്തരവിട്ടതാണ്. സ്ഥലം ശരിയാക്കി തരുന്നതുവരെ നിൽക്കാനായിട്ട് 10 മാസത്തെ വാടകയാണ് ഞങ്ങൾക്ക് തന്നത്. ഇപ്പോൾ വർഷം രണ്ട് കഴിയുന്നു. ചേട്ടൻ കൽപ്പണിക്ക് പോ

യി കിട്ടുന്ന ചെറിയ പൈസകൊണ്ടാണ് കഴിയുന്നത്. എല്ലാത്തരത്തിലും അവർ ഞങ്ങളെ പറ്റിക്കുകയാണ്. നഷ്ടപരിഹാരം തരുമ്പോൾ അത് ടാക്സിൽ നിന്നും ഒഴിവാക്കുമെന്നായിരുന്നു ആദ്യം പറഞ്ഞിരുന്നത്. പക്ഷെ ഞങ്ങളുടെ കൈയിൽ നിന്നും ടാക്സ് ഈടാക്കി. ഇനിയും അവർ പറയുന്നത് കേട്ട് നിൽക്കാൻ വയ്യ. അന്ന് കഷ്ടപ്പെട്ട സമരം ചെയ്തതുകൊണ്ടാണ് അഞ്ച് സെന്റ് സ്ഥലമെങ്കിലും കിട്ടിയത്. ഇനിയും സ്ഥലം ശരിയാക്കി തന്നില്ലെങ്കിൽ ഞങ്ങൾക്ക് സമരത്തിലേക്ക് തന്നെ നീങ്ങേണ്ടി വരും. 16 കൊല്ലമായി ഞാൻ മൂലമ്പിള്ളിയിലാണ് താമസിക്കുന്നത്. ഇവിടം വിട്ടുപോകാനൊന്നും പറ്റില്ല. എന്തിനാണ് പോകുന്നത്? സർക്കാർ ഔദാര്യമായി തന്ന സ്ഥലമൊന്നുമല്ല. ഞങ്ങൾ കഷ്ടപ്പെട്ട് നേടിയെടുത്ത സ്ഥലമാണ് ഞങ്ങൾക്ക് പോകാൻ കഴിയാത്ത തരത്തിൽ കിടക്കുന്നത്. വല്ലാർപ്പാടത്തേക്കുള്ള പലിയ റോഡ് മൂലമ്പിള്ളിക്കാരുടെ തലക്ക് മുകളിലൂടെ പോകുന്നുണ്ട്. അതിന്റെ പണി ഏതാണ്ട് കഴിഞ്ഞിട്ടുമുണ്ട്. എന്നിട്ടും ഞങ്ങളിങ്ങനെ വാടകയ്ക്കും ഷെഡിലുമൊക്കെയായി കഴിയണമെന്നാണോ?

(ഷേർളി പറഞ്ഞു നിർത്തിയിട്ടും വേദനയും ഭയവും കണ്ണുകളിൽ ബാക്കി നിൽക്കുന്നുണ്ടായിരുന്നു. അവിടെ നിന്നുമിറങ്ങിയ ഞങ്ങൾ കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിൽ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ കോഡിനേഷൻ കമ്മിറ്റിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച മേരി ചേച്ചിയുടെ വീട്ടിലേക്കാണ് പോയത്.)

ജോഷി: വീടുപൊളിക്കാൻ ജെ.സി.ബി വരുന്നത് കണ്ട് ബോധംകെട്ടുവീണ ഒരു ചേച്ചിയെക്കൊണ്ട് അവർ അന്ന് നിർബന്ധമായി സമ്മതപത്രത്തിൽ ഒപ്പുവപ്പിച്ചിരുന്നു. ആ ചേച്ചിയെ എന്തായാലും കാണണം. അവർക്ക് ഇപ്പോഴും പട്ടയം കൊടുത്തിട്ടില്ല.

(പോകുന്ന വഴിയിൽ പള്ളിയിൽ നിന്നും കുർബാന കഴിഞ്ഞ് മടങ്ങുന്ന മേരിചേച്ചിയെ അവിചാരിതമായി കണ്ടുമുട്ടുന്നു.)

ജോഷി: ഞങ്ങൾ മേരിചേച്ചിയെ കാണാൻ വരുകയായിരുന്നു.

മേരിചേച്ചി: ഞാൻ കുർബാനക്ക് പോയിട്ട് വരുന്ന വഴിയാണ്.

ജോഷി: എന്തെല്ലാമാണ് വിശേഷങ്ങൾ?

മേരിചേച്ചി: ഞങ്ങടെ അവസ്ഥ അതുപോലെ തന്നെ പോകുന്നു. പകരം തന്ന ഭൂമിയൊന്നും ഒരു പണീം നടത്താതെ അതുപോലെ തന്നെ കിടപ്പുണ്ട്. സെലസ്റ്റിൻ മാഷ്ക്കും സുഭദ്ര ചേച്ചിക്കും പട്ടയവും കൊടുത്തിട്ടില്ല. പറയേണ്ടവരുടെ അടുത്തെല്ലാം ഒരുപാട് തവണ പറഞ്ഞു. ഇനിയും താമസമെടുക്കുമെന്നാണ് അവരിപ്പോഴും പറയുന്നത്.

**കണ്ടെയ്നർ ലോറിക്ക് പോകാനുള്ള വലിയ റോഡിന്റെ പണി കഴിയാറായി. ഞങ്ങൾക്കൊരു ചെറിയ റോഡുണ്ടാക്കാനാണോ പിന്നെ ഇത്ര പ്രയാസം**



ജോഷിയും മേരിചേച്ചിയും

പഞ്ചായത്തിൽ നിന്നും ഇനിയും എന്തൊക്കെയോ കടലാസുകൾ ശരിയായെങ്കിൽ മാത്രമേ പകരം കണ്ടെത്തി തന്ന സ്ഥലത്ത് ഞങ്ങൾക്ക് വീട് പണിയാൻ കഴിയുള്ളൂ. ദേ ഇതുവഴി നേരെ പോയാൽ ആ സ്ഥലം കാണാൻ പറ്റും. ഇപ്പോ അങ്ങോട്ടേക്ക് പോകാൻ വഴിപോലുമില്ല. കണ്ടെയ്നർ ലോറിക്ക് പോകാനുള്ള വലിയ റോഡിന്റെ പണി കഴിയാറായി. ഞങ്ങൾക്കൊരു ചെറിയ റോഡുണ്ടാക്കാനാണോ പിന്നെ ഇത്ര പ്രയാസം. ആ സ്ഥലത്തേക്ക് പോകുന്നതിന് മുമ്പ് ഇപ്പോഴും ടാർപോളിൻ ഷെഡിൽ ദുരിതത്തിൽ കഴിയുന്ന കുറച്ചുപേരെക്കൂടി കണ്ടിട്ടുപോണം.

(വീടിന്റെ പകുതിഭാഗം നഷ്ടപ്പെട്ട ശേഷം ബാക്കി ടാർപോളിൻ ഷീറ്റുകൊണ്ട് കെട്ടി മറച്ച് കഴിയുന്ന ജാസ്മിന്റെ വീട്ടിലാണ് തുടർന്ന് ഞങ്ങളെത്തിയത്.)

ജാസ്മിൻ: നിസാരകാര്യങ്ങൾ പോലും ചെയ്യാൻ കഴിയില്ലെങ്കിൽ പിന്നെ ഇവരെന്തിനാണ് രാഷ്ട്രീയക്കാരാണെന്ന് പറഞ്ഞ് നടക്കുന്നത്. എല്ലാ രാഷ്ട്രീയക്കാരും ഒരുപോലെയാണ്. എല്ലാവരും ഒത്തൊരുമിച്ച് തീരുമാനിച്ചിട്ടാണ് അന്ന് ഞങ്ങളുടെ വീട് പൊളിക്കാനെത്തിയതെന്ന് ഇപ്പോൾ ബോധ്യമായി. ഇപ്പോഴും അവരുടെ ഇടപാടുകൾ വളരെ രഹസ്യമാണ്. ഞങ്ങൽ ചോദിക്കുന്നതിനൊന്നും വ്യക്തമായ മറുപടിയില്ല. ഇപ്പോതന്നെ നോക്കിക്കേ. വല്ലാർപാടത്തേക്കുള്ള നാലുവരി റോഡിന്റെ പൊക്കം കണ്ടോ? പാലത്തിന് ഉയരമില്ലാത്തതുകൊണ്ട് പഞ്ചായത്ത് റോഡിലൂടെ ഞങ്ങൾക്ക് സാധനങ്ങൾ കൊണ്ടുപോകാൻ പറ്റുന്നില്ല. ആകെയൊരു പഞ്ചായത്ത് റോഡാണ് ഇവിടെയുള്ളത്. അതിപ്പോൾ നേരെ ഉപയോഗിക്കാൻ പറ്റുന്നില്ല. പഞ്ചായത്തിന് അതിനൊന്നും മറുപടിയുമില്ല. രണ്ടര വർഷമായിട്ട് ഞാനും കുടുംബവും ഈ ഷെ



വീടിന്റെ
പകുതിഭാഗം
നഷ്ടപ്പെട്ട്
ബാക്കി
ടാർപോളിൻ
ഷീറ്റുകൊണ്ട്
കെട്ടി മറച്ച്
കഴിയുന്ന
ജാസ്മിൻ

**നിസാരകാര്യങ്ങൾ പോലും ചെയ്യാൻ കഴിയില്ലെങ്കിൽ പിന്നെ ഇവരെന്തിനാണ് രാഷ്ട്രീയക്കാരാണെന്ന് പറഞ്ഞ് നടക്കുന്നത്. എല്ലാ രാഷ്ട്രീയക്കാരും ഒരുമിച്ച് തീരുമാനിച്ചിട്ടാണ് അന്ന് ഞങ്ങളുടെ വീട് പൊളിക്കാനെത്തിയതെന്ന് ഇപ്പോൾ ബോധ്യമായി**

ഡിലാണ് കഴിയുന്നത്. ഞങ്ങൾ പലരും രോഗികളായി മാറി. ഒരു വർഷത്തേക്കാണ് അവർ വാടക തന്നത്. പിന്നെ വാടകയുമില്ല. ഇനിയും റോഡിന് വീതികൂട്ടുമെന്നെല്ലാം പറയുന്നുണ്ട്. കൃത്യമായ വിവരങ്ങളൊന്നും നാട്ടുകാർക്ക് കിട്ടുന്നില്ല. ഞങ്ങടെ രണ്ടരസെന്റ് സ്ഥലമാണ് പോയത്. ബാക്കിയുള്ള രണ്ടര സെന്റുകൂടി പോകുമെന്നാണ് ഇപ്പോൾ തോന്നുന്നത്.

**മേരിചേച്ചി:** ദുബായ് പോർട്ട് വല്ലാർപാടത്ത് വന്നാൽ നാട്ടുകാർക്കെല്ലാം തൊഴിലുകിട്ടുമെന്നാണ് അന്ന് രാഷ്ട്രീയക്കാർ പറഞ്ഞത്. ഞങ്ങൾ 10 വീട്ടുകാരുടെ കാര്യം പരിഗണിക്കാൻ കഴിയാത്ത രാഷ്ട്രീയക്കാരല്ലേ ഇവിടെ നാട്ടുകാർക്ക് മൊത്തം ജോലിവാങ്ങി കൊടുക്കാൻ പോന്നത്. അതൊന്നും നടക്കാൻ പോണില്ല. ഞങ്ങൾക്ക് തന്ന ഭൂമിയ്ക്ക് പോക്കുവരവ് ചെയ്ത് തരാൻ തന്നെ എത്ര താമസമാണ് ഉദ്യോഗസ്ഥൻമാരെടുക്കുന്നത്. എത്ര തവണയാണ് ഞങ്ങളെ നടത്തിക്കുന്നത്. ഇതൊക്കെ വേഗത്തിൽ ചെയ്ത് തരാൻ പറ്റുന്നതാണെന്ന് ഞങ്ങൾക്കറിയാം. മൂലമ്പിള്ളിക്കാരെ പരമാവധി ദ്രോഹിക്കണം, അവര് സമരം ചെയ്തവരല്ലേ എന്ന് ആരോ കരുതുന്നുണ്ട്.

മാനസികമായും ആരോഗ്യപരമായും ഞങ്ങളെല്ലാവരും തകർന്നു. ഭൂമിയെല്ലാം കിട്ടിക്കഴിഞ്ഞപ്പോൾ വല്ലാർപ്പാടത്തിന്റെ പണി വേഗം തീർക്കുന്നതിലാണ് രാഷ്ട്രീയ പാർട്ടികളുടെ ശ്രദ്ധ.

**ജോഷി:** വല്ലാർപ്പാടത്ത് വലിയ വികസനം വരുന്നു എന്നത് സമ്മതിക്കുന്നു. അതിന്റെ ഭാഗമായി വരുന്ന വലിയ റോഡിന് വേണ്ടി നമ്മൾ കുടിയൊഴിപ്പിക്കപ്പെടുന്നു. അതെല്ലാം പിന്നെയും അംഗീകരിക്കാം. എന്നാൽ കുടിയൊഴിപ്പിക്കപ്പെട്ട ആളുകൾക്കായി പകരം കണ്ടെത്തിയ സ്ഥലത്തേക്ക് ഒരു ചെറിയ റോഡ് നിർമ്മിക്കാൻ എന്താണ് പ്രയാസം. വലിയ വികസനം നടത്തുമ്പോഴും അടിസ്ഥാന വികസനം നടത്താൻ എന്താണ് തടസം നിൽക്കുന്നത്? അതാണ് ഇപ്പോൾ മൂലമ്പിള്ളിയിലെ പ്രധാന പ്രശ്നം.

**ഇത്ര കാലമായിട്ടും ഞങ്ങളുടെ ചെറിയ കാര്യങ്ങൾ നടത്താനറിയാത്തവർ ഇനി എല്ലാം ശരിയാക്കുമെന്ന് എങ്ങനെ വിശ്വസിക്കാനാണ്?**



ടാർപോളിൻ
ഷീറ്റുകൊണ്ട്
കെട്ടിമറച്ച
വീടിന് മുന്നിൽ
ആഗ്നസ്.
ബലം
പ്രയോഗിച്ച് വീട്
പൊളിക്കുന്ന
സമയത്ത് എടുത്ത
ഫോട്ടോയാണ്
കൈയിൽ

പഞ്ചായത്ത് റോഡ് മുറിച്ചുകടക്കുന്ന വല്ലാർപ്പാടത്തേക്കുള്ള നാലുവരിപാതയുടെ മേൽപ്പാലത്തിനടിയിലൂടെ നടന്നപ്പോൾ ഞങ്ങൾ ശരിക്കും ആശ്ചര്യപ്പെട്ടു. എന്തിനാണ് പഞ്ചായത്ത് റോഡിനോട് ഈ ക്രൂരത? നന്നായൊന്ന് കൈയുയർത്തിയാൽ കൈ മേൽപ്പാലത്തിനടിയിൽ മുട്ടും. നാലുവരി പാതയോട് ചേർന്ന് നിൽക്കുന്ന ആഗ്നസ് ചേച്ചിയുടെ വീട്ടിലേക്കാണ് ഞങ്ങൾ തുടർന്ന് പോയത്. വീടെന്ന് പറയാൻ കഴിയില്ല. ടാർപോളിൻ ഷീറ്റുകൊണ്ടുള്ള ഒരു മറ. അതിനുള്ളിൽ നഷ്ടങ്ങളുടെ വേദനകളിൽ നിന്നുണ്ടായ വീര്യവും തുടർച്ചയായ തിരിച്ചടികൾക്ക് മുന്നിൽ തോറ്റുകൊടുക്കാത്ത ആത്മബലവും കൊണ്ട് ഒരുക്കിയെടുത്ത വീട്. കെട്ടുതറ പോലുമില്ലാത്ത ആ ടാർപോളിൻ കൂരയ്ക്കുള്ളിലേക്ക് അരിച്ചിറങ്ങുന്ന തണുപ്പിൽ മരവിച്ച് കഴിയുമ്പോഴും ആഗ്നസ് ചേച്ചിയുടെ വാക്കുകൾക്ക് മൂർച്ച കുറയുന്നില്ല. പ്രതിഷേധത്തിന്റെ ആരവങ്ങളിൽനിന്നും കറുത്ത ഹാസ്യത്തിന്റെ രൂക്ഷതയിലേക്ക് അത് കുടിയേറിയെന്ന് മാത്രം.)

**ആഗ്നസ് ചേച്ചി**: ദേ എന്റെ അവസ്ഥ കണ്ടില്ലേ. മേനകയുടെ അവിടെപ്പോയി വീണ്ടും കഞ്ഞിവച്ച് കിടന്ന് സമരം ചെയ്യേണ്ടി വരുമെന്നാണ് ഇപ്പോൾ തോന്നുന്നത്. ആറ് സെന്റ് സ്ഥലവും വീടുമാണ് എന്റെ പോയത്. അഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ തന്നു. ഒരു സെന്റിന് മൂന്ന് ലക്ഷം രൂപ കിട്ടുന്ന ഈ നാട്ടിൽ 50,000 രൂപയാണ് എനിക്ക് സെന്റിന് കിട്ടിയത്. സെലസ്റ്റിൻ മാഷിനും സുഭദ്രയ്ക്കും 26,000 രൂപമാത്രമാണ് കിട്ടിയത്. മാഷ് സമരത്തിന് മുന്നിൽ നിന്നതുകൊണ്ട് മാഷിനെ വാട്ടുമെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. 10 വീടിന് 12 സൈസ് വിലയാണ് ഇവിടെയിട്ടത്. ഒരു പാട് കഷ്ടപ്പെട്ട് പണിത വീടാരുന്നു എന്റേത്. ഇവിടെ സാധനങ്ങളൊക്കെ


വാടക വീടിന് മുന്നിൽ സുഭദ്രചേച്ചി

**ഞങ്ങൾക്കെന്താ പട്ടയം തരാത്തതെന്ന് ചോദിച്ചാൽ, നിങ്ങളുടെ പട്ടയം വന്നിട്ടില്ലെന്നാണ് നാളുകളായി കിട്ടുന്ന മറുപടി. അതെന്താണ് കാര്യമെന്ന് ചോദിച്ചാൽ പിന്നെ മറുപടിയുമില്ല**

കൊണ്ടുവരാൻ പ്രയാസമുള്ള കാലത്ത് കൈവണ്ടിയിലെല്ലാം മണലും കല്ലുമൊക്കെ ചുമന്നുകൊണ്ടു വന്നാണ് ഞങ്ങൾ വീടുവെച്ചത്. പൊളിക്കുന്നവർക്ക് പിന്നെ അതൊന്നും നോക്കേണ്ട കാര്യമില്ലല്ലോ? അതുകൊണ്ടെന്താ ഇപ്പോ ഞാൻ വല്യ സൗകര്യത്തിലല്ലേ? ഈ റോഡിന്റെ പണി നടത്താനായി ആദ്യം അവർ വലിയ മെഷിനൊക്കെ കൊണ്ടുവന്ന് പൈലിംഗ് നടത്തുമായിരുന്നു. ആദ്യമൊക്കെ വലിയ കുലുക്കമായിരുന്നെങ്കിലും പിന്നെ അതും ശീലമായി. ഇപ്പോ പ്രതീക്ഷയെല്ലാം നഷ്ടപ്പെട്ടു. ഇത്ര കാലമായിട്ടും ഞങ്ങളുടെ ചെറിയ കാര്യങ്ങൾ നടത്താനറിയാത്തവർ ഇനി എല്ലാം ശരിയാക്കിത്തരുമെന്ന് എങ്ങനെ വിശ്വസിക്കാനാണ്. നിങ്ങളാ സുഭദ്ര ചേച്ചിയേക്കൂടി കാണണം. അവരുടെ സ്ഥിതിയും വലിയ കഷ്ടമാണ്.

(അവരോടൊപ്പം ചെളി നിറഞ്ഞ വഴിയിലൂടെ ഞങ്ങൾ സുഭദ്ര ചേച്ചിയുടെ വീട്ടിലേക്ക് നടന്നു. ബോധംകെട്ടുവീണ സുഭദ്രചേച്ചിയെക്കൊണ്ട് സമ്മതപത്രത്തിൽ ഒപ്പുവപ്പിയ്ക്കുന്നത് ഫോട്ടോ അന്ന് ചില പത്രങ്ങളിൽ വന്നിരുന്നു. ഇപ്പോഴും നടുക്കത്തോടെ മാത്രം ഓർക്കാൻ കഴിയുന്ന ചിത്രം. വീട് നഷ്ടപ്പെട്ട സുഭദ്രചേച്ചി ഇപ്പോൾ മക്കളോടൊപ്പം മൂലമ്പിള്ളി ദ്വീപിന്റെ ഒരരികിൽ വലിയ വാടകയ്ക്കാണ് കഴിയുന്നത്.) കയറിവരുന്ന മുറിയിലെ കിടക്കയിൽ മകളുടെ ചെറിയ കുട്ടി നല്ല മയക്കത്തിലാണ് . വീടും ഭൂമിയും നഷ്ടപ്പെട്ടശേഷം ജനിച്ചകുട്ടി. പട്ടയഭൂമി കിട്ടാതെ മൂലമ്പിള്ളിയിൽനിന്നും കുടിയിറങ്ങേണ്ടി വരുമെന്ന ഭീതിയിലേക്ക് ഒരു ജീവൻ കൂടി.)

**സുഭദ്രചേച്ചി**: എന്റെ ഏഴര സെന്റ് സ്ഥലവും വീടുമാണ് പോയത്. വീട് പൊളിക്കാൻ വരുന്നത് കണ്ട് ബോധം പോയ എന്റെ കൈ പിടിച്ചാണ് അവർ സമ്മതപത്രത്തിൽ ഒപ്പിടീപ്പിച്ചത്. ഒരു ദയയുമില്ലാതെ ഉദ്യോഗസ്ഥന്മാർ പെരുമാറി. എല്ലാം കഴിഞ്ഞിട്ടോ, ഇപ്പോൾ ഞങ്ങൾക്ക് പട്ടയവുമില്ല. ഞങ്ങൾക്കെന്താ പട്ടയം തരാത്തതെന്ന് ചോദിച്ചാൽ, നിങ്ങളുടെ പട്ടയം വന്നിട്ടില്ലെന്നാണ് നാളുകളായി കിട്ടുന്ന മറുടി. അതെന്താ കാര്യമെന്ന് ചോദിച്ചാൽ പിന്നെ മറുപടിയുമില്ല. ഉദ്യോഗസ്ഥന്മാർ ഇപ്പോളും ഒരു ദയയുമില്ലാതെയാണ് പെരുമാറുന്നത്.

(വീട് നഷ്ടപ്പെട്ടവരുടെ വാക്കുകളിൽ വേരുകൾ നഷ്ടപ്പെട്ടതിന്റെ വേദനയും വിശ്വാസം നഷ്ടപ്പെട്ടതിന്റെ വിദ്വേഷവും മുഴച്ചുനിന്നു. അവരോട് യാത്രപറഞ്ഞ് ഞ



വികസനത്തിന്റെ
വേഗതയിൽ നമ്മൾ
ഭ്രമിച്ചുപോയിരിക്കുന്നു

ങ്ങൾ അവർക്കായി കണ്ടെത്തിയ പട്ടയഭൂമി കാണാനായി പോയി. അവർ തിരികെ സങ്കടങ്ങളുടെ കടലിലേക്കും പഞ്ചായത്ത് റോഡിൽ നിന്നും ഒരു കിലോമീറ്റർ പടിഞ്ഞാറ് മാറിയാണ് ഭൂമി കണ്ടെത്തിയിരിക്കുന്നത്. മണ്ണടിച്ച് സ്ഥലം നികത്തിയെടുത്തിട്ടുണ്ടെങ്കിലും റോഡില്ലാതെ എങ്ങിനെ എത്തിപ്പെടും. വെള്ളമില്ലാതെ എങ്ങിനെ ജീവിതം കഴിച്ചുകൂട്ടും. വല്ലാർപ്പാടത്തേക്ക് പണിയുന്ന നാലുവരി പാതയിലൂടെ നടന്നാണ് ഞങ്ങൾ അവിടെയെത്തിയത്.)

ജോഷി: ഈ സ്ഥലത്തേക്ക് ഒരു റോഡ് സൗകര്യം അവർക്കുണ്ടാക്കിക്കൊടുക്കാൻ വളരെ തുച്ഛമായ തുക മതി. അതിനുവേണ്ടി എന്തെല്ലാം പ്രയാസങ്ങളാണ് ഇപ്പോൾ വേണ്ടിവരുന്നത്. പുറത്തുനിന്നും മനസാക്ഷിയുള്ള കുറേ ആളുകളുടെ ഇടപെടലോടുകൂടി വീണ്ടും സമരത്തിലേക്ക് പോകേണ്ടി വരുന്നതെന്തുകൊണ്ടാണ്? മാന്യമായ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കുക എന്നത് തീർച്ചയായും പദ്ധതിയുടെ ഭാഗമായി വരണം. എന്നാൽ മാത്രമെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയൂ എന്ന വ്യവസ്ഥ വരണം. വലിയ വികസന പ്രവർത്തനങ്ങൾക്കുള്ള ആകെ ചിലവിന്റെ ഒരു ശതമാനം പോലും പുനരധിവാസ സൗകര്യങ്ങളൊരുക്കാൻ വേണ്ടിവരുന്നില്ല. പിന്നെ എന്തുകൊണ്ട് മൂലമ്പിള്ളികൾ ആവർത്തിക്കപ്പെടുന്നു? ഈ ചോദ്യത്തിനാണ് നാം ഉത്തരം കണ്ടെത്തേണ്ടത്. എന്നാൽ വികസനത്തിന്റെ വേഗതയിൽ ഭ്രമിച്ചുപോകുന്ന നമ്മൾ കൊടിയേറ്റം സിനിമയിലെ കഥാപാത്രത്തെപ്പോലെ വേഗത്തിൽ പോയ വണ്ടി തെറിപ്പിക്കുന്ന ചെളിയിൽ കുളിച്ച് നിൽക്കുമ്പോഴും എന്തൊരു സ്പീഡ് എന്ന് ആശ്ചര്യത്തോടെ വാ പിളർക്കുക മാത്രമാണ് ചെയ്യുന്നത്.